LIBRARY ARCHIVES Kerala Legislative Assembly

തുറമുഖ വികസനത്തിനുള്ള കേന്ദ്ര സഹായം

159 [3049] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി കഴിഞ്ഞ വർഷം (2004-05) കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയെത്ര;

(ബി) ഏതെല്ലാം പദ്ധതികൾക്ക് പ്രസ്തുത തുക ലഭിച്ചു;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്രത്തിൽ നിന്നും സഹായമായി ഒരു കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറുമുഖത്തിന്റെ പ്രവർത്തനത്തിനാണ് ഈ തുക ലഭിച്ചത്.

(സി) പ്രസ്തുത പദ്ധതിയുടെ പണി പുരോഗമിച്ചു വരുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ഷെയർ വിറ്റ് പണം സ്വരൂപിക്കാൻ നടപടി

160 [3050] ശ്രീ. ജോർജ് ജെ. മാത്യു :

,, കെ. ബാബു :

,, എം. എ. വാഹീദ് :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതിയെന്നായിരുന്നു;

(ബി) ആരെല്ലാം ടെൻഡർ സമർപ്പിച്ചു;

(സി) ടെൻഡർ സമർപ്പിക്കുന്ന കാര്യത്തിനായി ആരെല്ലാം ഗവൺമെന്റുമായി ചർച്ച നടത്തിയിരുന്നു;

(ഡി) പ്രസ്തുത തുറുമുഖ നിർമ്മാണത്തിന് ടെൻഡർ ലഭിക്കാത്തപക്ഷം പൊതുജനങ്ങൾക്ക് വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിയുടെ ഷെയർ വിറ്റ് പണം സ്വരൂപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?